Madhyamam 16-10-18, P-13



# കൗതുകം പൊഴിച്ച് മഴപെയ്യുന്ന മരം

- മന്ദലാംകുന്നിലാണ് അപൂർവ പ്രതിഭാസം
- പ്ലാവിൻെറ ഇലകളുടെ അറ്റത്ത് തളിരിൽ നിന്ന് വെള്ളം ഊർന്ന് പുറത്തേക്ക് വരുന്നു



മന്ദാലാംകുന്ന് സെൻററിൽ യു. ബക്കറിൻെറ വീടിനുസമീപത്തെ പ്ലാവിൻെറ ഇലയിൽ നിന്നുള്ള ജലത്തുള്ളി

**മന്ദലാംകുന്ന്:** പ്ലാവിൻെറ ഇലകളിൽ നിന്ന് വെള്ളം ഇറ്റിയിറ്റി വീഴുന്നത് കൗതുകമാകുന്നു.

മന്ദലാംകുന്ന് സെൻററിൽ ജുമാഅത്ത് പള്ളിക്ക് തൊട്ടു തെക്ക് ഉദയാനത്ത് ബക്കറിൻെറ വീട്ടുവളപ്പിലെ പ്ലാവിൽ നിന്നാണ് ഒരു മഴക്കു ശേഷമുള്ള വെള്ളത്തുള്ളികൾ ഇറ്റി വീഴുന്നതുപോലെ പല കൊമ്പുകളിലെയും ഇലകളിൽ നിന്ന് തുള്ളിയായി വീഴുന്നത്. വീടിൻെറ പിൻഭാഗത്ത് നാലടി അകലെയാണ് അധികം പ്രായമില്ലാത്ത പ്ലാവ്. വീടിനോട് ചേർന്ന അടുക്കളയുടെ ചിമ്മിനി ഇതിനടുത്താണ്. ചിമ്മിനിയിൽ നിന്നുള്ള പുക തട്ടിയാണ് ഇലകളിൽ നിന്ന് വെള്ളം ഇറ്റുന്നതെന്നായിരുന്നു ആദ്യം സംശയിച്ചത്. എന്നാൽ പുകപോകുന്ന ദ്വാരങ്ങൾ കിഴക്കുഭാഗത്തും മരം വടക്കുഭാഗത്തുമായതിനാൽ മരത്തിൻെറ ഭാഗത്തേക്ക് പുക പടർന്നെത്തുമില്ല.

മഞ്ഞ് പെയ്യുന്ന രാത്രികളിൽ മരത്തിൽ വീഴുന്ന മഞ്ഞുതുള്ളികൾ പോലെ പലഭാഗത്ത് നിന്ന് ഇടതടവില്ലാതെയാണ് വെള്ളം ഇറ്റുന്നത്. കഴിഞ്ഞ പത്ത് ദിവസത്തോളമായി ഒരപൂർവ പ്രതിഭാസമായി ഇങ്ങനെ മരം മഴപെയ്യാൻ തുടങ്ങിയിട്ടെന്ന് ബക്കറിൻെറ വീട്ടുകാർ പറഞ്ഞു. മന്ദലാംകുന്ന് പള്ളി ശ്മശാനം ബക്കറിൻെറ വീട്ടുവളപ്പിനടുത്താണ്. പ്ലാവിൻെറ മുകൾ ഭാഗത്ത് ഇലകൾ വാടിത്തളർന്ന അവസ്ഥയിലാണ്. ഇലകളുടെ ഏറ്റവും അറ്റത്ത് തളിരിൽ നിന്നാണ് വെള്ളം ഊർന്ന് പുറത്തേക്ക് വരുന്നത്. സംഭവം സബന്ധിച്ച് വിശദ പഠനം നടത്താൻ കാർഷിക സർവകലാശാലയിലെ ഉദ്യോഗസ്ഥരുമായി സ്ഥലം സന്ദർശിക്കുമെന്നും പുന്നയൂർ പഞ്ചായത്ത് കൃഷി ഓഫിസർ എസ്. സുജീഷ് അറിയിച്ചു.